# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1287 — 04/02/2019-ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

| ചോദ്യം<br>**ശ്രീ.പി.ഉബൈദുള്ള** | | ഉത്തരം<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|---|
| എ) മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പി.എ. തസ്തികകൾ ഉൾപ്പെടെ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകളുടെ വിശദാംശം നൽകുമോ;<br><br>ബി) ഇതുമൂലമുള്ള ഭരണപരമായ പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>സി) എസ്.എസ്.എൽ.സി. പരീക്ഷ അടുത്ത സാഹചര്യത്തിൽ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്ന മലപ്പുറം ജില്ലയിലെ ഒഴിവുകൾ എത്രയും വേഗം നികത്തുവാൻ നടപടി സ്വീകരിക്കുമോ ? | എ), ബി) & സി) | മലപ്പുറം റവന്യൂ ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിലുള്ള മലപ്പുറം, തിരൂർ, തിരൂരങ്ങാടി, വണ്ടൂർ എന്നീ നാല് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഒഴിവുകളൊന്നും നിലവിലില്ല. എന്നാൽ ഒഴിവുണ്ടായിരുന്ന മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പി.എ. തസ്തികയിൽ 28.01.2019-ൽ സർക്കാർ ഉദ്യോഗക്കയറ്റം നൽകി നിയമിച്ച് ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**